ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 11.09.2024** **TIME : 07.25 PM**

### പ്രധാന വാർത്തകൾ

1. അതിർത്തി ഗ്രാമങ്ങളുടെ സമഗ്ര വികസനത്തിന് സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ്

   National Defence Minister Rajnath Singh said the government is committed to comprehensive development of border villages

2. ഊർജ മേഖലയിൽ രാജ്യം ആത്മനിർഭർ ആകാൻ ഹരിത ഹൈഡ്രജൻ ഉൽപ്പാദനം അനിവാര്യമെന്ന് കേന്ദ്ര മന്ത്രി പ്രൽഹാദ് ജോഷി

   Union Minister Pralhad Joshi said that green hydrogen production is necessary for the country to become self-sufficient in the energy sector.

3. പാർലമെന്ററികാര്യ മന്ത്രാലയത്തിന്റെ 100 ദിന നേട്ടങ്ങളുടെ ഭാഗമായുള്ള ആറ് സംരംഭങ്ങൾക്ക് കേന്ദ്രമന്ത്രി കിരൺ റിജിജു തുടക്കമിട്ടു

   Union Minister Kiren Rijiju launched six initiatives as part of Ministry of Parliamentary Affairs' 100-day achievements

4. മദ്യനയ അഴിമതികേസുമായി ബന്ധപ്പെട്ട് ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്രിവാളിന്റെ ജുഡീഷ്യൽ കസ്റ്റഡി ഈ മാസം 25 വരെ നീട്ടി ഡൽഹി കോടതി.

The Delhi court extended the judicial custody of Delhi Chief Minister Arvind Kejriwal till the 25th of this month in connection with the liquor policy corruption case.

5. നിയമ, നയ രൂപീകരണത്തിലൂടെ മലയാള സിനിമ, സീരിയൽ രംഗത്തെ സ്ത്രീ സൗഹൃദമാക്കുമെന്ന് മന്ത്രി സജി ചെറിയാൻ.

Minister Saji Cherian will make Malayalam cinema and serials women friendly through legal and policy formulation.

6. ഏഷ്യൻ ചാമ്പ്യൻസ് ട്രോഫി പുരുഷ ഹോക്കി ടൂർണമെന്റിൽ മലേഷ്യയെ തോൽപ്പിച്ച് ഇന്ത്യ സെമിയിൽ.

India beat Malaysia in the semi-finals of the Asian Champions Trophy men's hockey tournament.

&&&&&&&&&&&&&&&&&&

## PM GREEN HYDROGEN - 2

ഹരിത ഹൈഡ്രജൻ ഉത്പാദനം, ഉപയോഗം, കയറ്റുമതി എന്നിവയിൽ ആഗോള കേന്ദ്രമായി ഇന്ത്യയെ മാറ്റാനാണ് സർക്കാർ ശ്രമിക്കുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. കാർബൺ മുക്തമാക്കാൻ ഹരിത ഹൈഡ്രജൻ പ്രോത്സാഹിപ്പിക്കുന്നതിന് അന്താരാഷ്ട്ര തലത്തിൽ പങ്കാളിത്തം ആവശ്യമാണെന്നും പ്രധാനമന്ത്രി പറഞ്ഞു. ഹരിത ഹൈഡ്രജനുമായി ബന്ധപ്പെട്ട അന്താരാഷ്ട്ര സമ്മേളനത്തെ വിദൂര-ദൃശ്യ

സംവിധാനത്തിലൂടെ അഭിസംബോധന ചെയ്യുകയായിരുന്നു ശ്രീ മോദി.

&&&&&&&&&&&&&&&&&&

## JOSHI-GREEN HYDROGEN

ഊർജ മേഖലയിൽ രാജ്യം ആത്മനിർഭർ ആകാൻ ഹരിത ഹൈഡ്രജൻ ഉൽപ്പാദനം അനിവാര്യമാണെന്ന് കേന്ദ്ര ഊർജ മന്ത്രി പ്രൽഹാദ് ജോഷി. ഗ്രീൻ ഹൈഡ്രജൻ ഇന്ത്യ 2024- സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ഹരിത ഹൈഡ്രജൻ്റെ ഉത്പാദനം രാജ്യത്തെ അമോണിയയുടെയും പ്രകൃതിവാതകത്തിൻ്റെയും ഇറക്കുമതി കുറയ്ക്കാനും കാർബൺ ഡൈ ഓക്സൈഡ് പുറന്തള്ളൽ 25 ദശലക്ഷം മെട്രിക് ടണ്ണിലധികം കുറയ്ക്കാനും സഹായിക്കുമെന്ന് ശ്രീ. ജോഷി പറഞ്ഞു. 2030 ആകുമ്പോഴേക്കും ഇത് എട്ട് ലക്ഷം കോടി രൂപയുടെ നിക്ഷേപം കൊണ്ടുവരുമെന്നും ആറ് ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്നും മന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

## RAJNATH - BORDERS

അതിർത്തി ഗ്രാമങ്ങളുടെ സമഗ്ര വികസനത്തിന് സർക്കാർ പൂർണ പ്രതിജ്ഞാബദ്ധമാണെന്നും അവയാണ് രാജ്യത്തെ ആദ്യത്തെ ഗ്രാമങ്ങളെന്നും രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ്. ഇന്ന് ന്യൂഡൽഹിയിൽ നടന്ന അതിർത്തി

പ്രദേശങ്ങളുടെ വികസനവുമായി ബന്ധപ്പെട്ട സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. അതിർത്തിഗ്രാമങ്ങൾ വ്യത്യസ്ത രീതിയിൽ വെല്ലുവിളികൾ നേരിടുന്നതായും ഇത്തരം പ്രദേശങ്ങളുടെ വികസനം ഉറപ്പാക്കുകയാമണ് അവയെ നേരിടാനുള്ള ഫലപ്രദമായ മാർഗമെന്നും ശ്രീ. സിംഗ് ചൂണ്ടിക്കാട്ടി.

&&&&&&&&&&&&&&&&&&

**SEMICON INDIA 2024**

ലോക അർധചാലക വ്യവസായത്തെ ചലിപ്പിക്കുന്നതിൽ ഇന്ത്യ സുപ്രധാന പങ്ക് വഹിക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഇന്ത്യയുടെ അർധചാലക മേഖല ഒരു വിപ്ലവത്തിൻറെ പാതയിലാണെന്നും പ്രധാനമന്ത്രി
പറഞ്ഞു. ഉത്തർപ്രദേശിലെ ഗ്രേറ്റർ നോയിഡയിൽ മൂന്ന് ദിവസത്തെ സെമികോൺ ഇന്ത്യ 2024-ന് തുടക്കം കുറിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. "അർദ്ധചാലക ഭാവി രൂപപ്പെടുത്തുക" എന്നതാണ് പരിപാടിയുടെ സന്ദേശം. ഇന്ത്യയെ അർദ്ധചാലകത്തിൻ്റെ ആഗോള കേന്ദ്രമാക്കി മാറ്റുന്ന തന്ത്രവും നയവും സമ്മേളനം ചർച്ച ചെയ്യും.

&&&&&&&&&&&&&&&&&&

**FISHERIES-SAMPADA YOJANA**

മത്സ്യബന്ധന മേഖലയെ സംഘടിത മേഖലയാക്കാൻ ഒത്തുചേരണമെന്ന് എല്ലാ സംസ്ഥാനങ്ങളോടും കേന്ദ്രഭരണ പ്രദേശങ്ങളോടും അഭ്യർഥിച്ച് കേന്ദ്ര ഫിഷറീസ് വകുപ്പ് മന്ത്രി

രാജീവ് രഞ്ജൻ സിംഗ്. ഇതിനായി മത്സ്യത്തൊഴിലാളികളുടെ സഹകരണം ഉറപ്പാക്കണമെന്നും അദ്ദേഹം പറഞ്ഞു. ന്യൂഡൽഹിയിൽ പ്രധാനമന്ത്രി മത്സ്യസമ്പദ് യോജനയുടെ 4-ാം വാർഷികത്തോടനുബന്ധിച്ച് നടന്ന സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു ശ്രീ.രഞ്ജൻ സിംഗ്. പ്രധാനമന്ത്രി മത്സ്യ കിസാൻ സമൃദ്ധി സഹ-യോജനയുടെ ഉദ്ഘാടനവും അദ്ദേഹം നിർവ്വഹിച്ചു. കേന്ദ്ര ഫിഷറീസ് വകുപ്പ് സഹമന്ത്രിമാരായ എസ് പി സിംഗ് ബാഗേൽ, ജോർജ് കുര്യൻ, സംസ്ഥാന-കേന്ദ്രഭരണ പ്രദേശങ്ങളിലെ ഫിഷറീസ് വകുപ്പ് പ്രതിനിധികൾ, പദ്ധതി ഗുണഭോക്താക്കൾ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

&&&&&&&&&&&&&&&&&&

## REV. DAY. RIJIJU-PORTALS-INTRO

പാർലമെൻ്ററികാര്യ മന്ത്രാലയത്തിൻ്റെ 100 ദിന നേട്ടങ്ങളുടെ ഭാഗമായുള്ള ആറ് സംരംഭങ്ങൾ ഇന്ന് ന്യൂഡൽഹിയിൽ കേന്ദ്രമന്ത്രി കിരൺ റിജിജു ഉദ്ഘാടനം ചെയ്തു.

വിശദാംശങ്ങളിലേക്ക്...

(വോയിസ്)

&&&&&&&&&&&&&&&&&&

## REV. DAY. RIJIJU-PORTALS-VOICE

നാഷണൽ ഇ-വിധാൻ ആപ്ലിക്കേഷൻ 2.0, സബോർഡിനേറ്റ് ലെജിസ്ലേഷൻ മാനേജ്മെന്റ് സിസ്റ്റം, കൺസൽട്ടേറ്റീവ് കമ്മിറ്റി മാനേജ്മെന്റ് സിസ്റ്റം, നാഷണൽ യൂത്ത് പാർലമെന്റ് പോർട്ടൽ 2.0, ഏകലവ്യ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ വിദ്യാർത്ഥികൾക്കായി ദേശീയ യൂത്ത് പാർലമെന്റ് മത്സരം എന്നിവയാണ് പുതുതായി ഉദ്ഘാടനം ചെയ്തത്. നാഷണൽ ഇ-വിധാൻ ആപ്ലിക്കേഷൻ 2.0 യുടെ പരിഷ്കരിച്ച പതിപ്പ് കൂടുതൽ ഉപഭോക്തൃ - സൗഹൃദവും, നിരവധി നൂതന സൗകര്യങ്ങളും കൂടിച്ചേർന്നതായിരിക്കും. സംസ്ഥാനങ്ങളിലെ നിയമനിർമ്മാണ പ്രക്രിയകളുമായി സഹകരിച്ചായിരിക്കും ആപ്ലിക്കേഷൻറെ പ്രവർത്തനം. കടലാസ് രഹിത നിയമനിർമ്മാണ അന്തരീക്ഷം, തത്സമയ ഭരണം, മികച്ച തീരുമാനങ്ങൾ സ്വീകരിക്കൽ എന്നിവയാണ് പ്രധാനലക്ഷ്യം. നാഷണൽ യൂത്ത് പാർലമെൻ്റ് പോർട്ടൽ 2.0, അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്ക് പുറമെ രാജ്യത്തെ എല്ലാ പൗരന്മാർക്കും ലഭ്യമാകും. ഏകലവ്യ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ വിദ്യാർത്ഥികൾക്കായുള്ള ദേശീയ യൂത്ത് പാർലമെൻ്റ് മത്സരത്തിലൂടെ, ജനാധിപത്യത്തിൻ്റെ വേരുകൾ ശക്തിപ്പെടുന്നതിനൊപ്പം ഗോത്രവർഗ

വിദ്യാർത്ഥികൾക്കിടയിൽ പാർലമെൻ്റിൻ്റെയും പാർലമെൻ്ററി സ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങൾ പരിചിതമാകുകയും ചെയ്യും.

ന്യൂസ്ഡസ്ക് ആകാശവാണി....

&&&&&&&&&&&&&&&&&&

## DELHI COURT-KEJRIWAL

മദ്യനയ അഴിമതികേസുമായി ബന്ധപ്പെട്ട് ഡൽഹി മുഖ്യമന്ത്രിയും ആം ആദ്മി പാർട്ടി ദേശീയ കൺവീനറുമായ അരവിന്ദ് കെജ്രിവാളിൻ്റെ ജുഡീഷ്യൽ കസ്റ്റഡി ഈ മാസം 25 വരെ നീട്ടി ഡൽഹി കോടതി. നേരത്തെ അനുവദിച്ച ജുഡീഷ്യൽ കസ്റ്റഡി കാലാവധി അവസാനിച്ചതിനെ തുടർന്ന് കെജ്രിവാളിനെ തിഹാർ ജയിലിൽ നിന്ന് വീഡിയോ കോൺഫറൻസിങ് വഴി റോസ് അവന്യൂ കോടതിയിൽ ഹാജരാക്കി. സിബിഐ സമർപ്പിച്ച കുറ്റപത്രം കണക്കിലെടുത്ത് റൂസ് അവന്യൂ കോടതിയിലെ പ്രത്യേക ജഡ്ജി കാവേരി ബവേജ സെപ്റ്റംബർ 11 ന് കെജ്രിവാളിനെതിരെ പ്രൊഡക്ഷൻ വാറണ്ട് പുറപ്പെടുവിച്ചിരുന്നു. കേസിൽ കെജ്റിവാളിനും മറ്റ് പ്രതികൾക്കും എതിരെ സിബിഐ അനുബന്ധ കുറ്റപത്രം കോടതിയിൽ സമർപ്പിച്ചിരുന്നു. എന്നാൽ സിബി ഐ അറസ്റ്റ് ചെയ്തത് ചോദ്യം ചെയ്തും ജാമ്യം തേടിയുമുള്ള കെജ്രിവാളിൻ്റെ ഹർജിയിൽ സുപ്രീം കോടതി ഇതുവരെ വിധി പറഞ്ഞിട്ടില്ല. അതേസമയം, ഇതേ

കേസിൽ എഎപി നേതാവ് ദുർഗേഷ് പഥക്കിന് ഡൽഹി കോടതി ഇന്ന് ജാമ്യം അനുവദിച്ചു.

&&&&&&&&&&&&&&&&&&

## BJP – RAHUL

യുഎസിൽ ഇന്ത്യാ വിരുദ്ധ പരാമർശങ്ങൾ നടത്തിയ കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധിക്കെതിരെ രൂക്ഷ വിമർശനവുമായി ബിജെപി. സംവരണത്തെക്കുറിച്ചുള്ള അദ്ദേഹത്തിൻ്റെ പരാമർശങ്ങൾക്കും പാർട്ടി അദ്ദേഹത്തെ വിമർശിച്ചു. രാഹുൽ ഗാന്ധി പറഞ്ഞ കാര്യങ്ങൾ അങ്ങേയറ്റം ലജ്ജാകരവും ഇന്ത്യയുടെ അന്തസ്സിന് മുറിവേൽപ്പിക്കുന്നതുമാണെന്ന് രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ് വ്യക്തമാക്കി. ഇന്ത്യയുടെ സംസ്കാരം സംരക്ഷിക്കുന്നതിൽ സിഖ് സമൂഹം വഹിച്ച മഹത്തായ പങ്കിനെ രാജ്യം മുഴുവൻ അംഗീകരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നുവെന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&

## HOCKEY

ചൈനയിൽ നടക്കുന്ന ഏഷ്യൻ ചാമ്പ്യൻസ് ട്രോഫി പുരുഷ ഹോക്കി ടൂർണമെൻറിൽ മലേഷ്യയെ 8-1 ന് തകർത്ത് ഇന്ത്യ സെമിയിൽ പ്രവേശിച്ചു. നിലവിലെ ചാന്പ്യന്മാരായ ഇന്ത്യയുടെ തുടർച്ചയായ മൂന്നാം വിജയമാണിത്. ഇന്ത്യക്കു വേണ്ടി രാജ് കുമാർ പാൽ ഹാട്രിക്കും അരജീത് സിംഗ് ഹുണ്ടൽ ഇരട്ട ഗോളുകളും നേടി.

&&&&&&&&&&&&&&&&&&

## JK- HARYANA-ASEEMBLY ELECTION-INTRO

നിയമസഭാ തെരഞ്ഞെടുപ്പിന് ഒരുങ്ങി ജമ്മുകശ്മീരും ഹരിയാനയും. ജമ്മുകശ്മീരിലെ ആദ്യഘട്ട നിയമസഭാ തിരഞ്ഞെടുപ്പിൻറെ പ്രചാരണപരിപാടികൾ അവസാനഘട്ടത്തിലാണ്. അതേസമയം, ഹരിയാനയിൽ തിരഞ്ഞെടുപ്പ് നടപടികൾ പുരോഗമിക്കുന്നു.

വിശദാംശങ്ങളിലേക്ക്...

(വോയിസ്)

&&&&&&&&&&&&&&&&&&

## JK-HARYANA-ASEEMBLY ELECTION-VOICE

ജമ്മുകശ്മീരിൽ ചെനാബ് വാലിയിലെ ദോഡ കായിക മൈതാനത്ത് ശനിയാഴ്ച നടക്കുന്ന റാലിയെ പ്രധാനമന്ത്രി നരേന്ദ്രമോദി അഭിസംബോധന ചെയ്യും. ദോഡയിൽ നടക്കുന്ന കോൺഗ്രസ് റാലികളെ ലോക് സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി അഭിസംബോധന ചെയ്യേക്കും. നാളെ ദോഡയിൽ നടക്കുന്ന ജമ്മുകശ്മീർ നാഷണൽ കോൺഫറൻസിൻറെ തിരഞ്ഞെടുപ്പ് റാലികളെ പാർട്ടി നേതാവ് ഒമർ അബ്ദുള്ളയും ചർവ്വ കാഹ്റയിൽ വെള്ളിയാഴ്ച നടക്കുന്ന കോൺഗ്രസ് റാലിയെ ഇമ്രാൻ പ്രതാപ് ഗർഹിയും അഭിസംബോധന ചെയ്യും. ആറ് ജില്ലകളിലായി 24 നിയമസഭാ മണ്ഡലങ്ങളിലേക്കാണ് ആദ്യ

ഘട്ട തിരഞ്ഞെടുപ്പ് നടക്കുന്നത്. ഈ മാസം 16 ന് പ്രചാരണം അവസാനിക്കും. 18 നാണ് വോട്ടെടുപ്പ്. അതേസമയം, വരാനിരിക്കുന്ന നിയമസഭാ തിരഞ്ഞെടുപ്പിനോട് അനുബന്ധിച്ച് ഹരിയാനയിൽ ഒരുക്കങ്ങൾ പുരോഗമിക്കുകയാണ്. 90 നിയമസഭാ മണ്ഡലങ്ങളിലേക്കുള്ള വോട്ടെടുപ്പ് അടുത്തമാസം 5 ന് നടക്കും. നാമനിർദ്ദേശ പത്രിക സമർപ്പിക്കാനുള്ള അവസാന തീയതി നാളെയാണ്. പത്രികകളുടെ സൂക്ഷ്മപരിശോധനയും നാളെ നടക്കും. സ്ഥാനാർത്ഥികൾക്ക് ഈ മാസം 16-നകം പത്രിക പിൻവലിക്കാം, വോട്ടെണ്ണൽ അടുത്തമാസം 8 ന് നടക്കും.

ന്യൂസ്ഡസ്ക് ആകാശവാണി....

&&&&&&&&&&&&&&&&&&

**SAJI CHERIYAN**

കൃത്യമായ നിയമ, നയ രൂപീകരണത്തിലൂടെ മലയാള സിനിമ, സീരിയൽ രംഗത്തെ പൂർണമായും സ്ത്രീ സൗഹൃദമാക്കുമെന്ന് മന്ത്രി സജി ചെറിയാൻ. സ്ത്രീകൾക്ക് സുരക്ഷിതമായ താമസ സൗകര്യം പ്രദാനം ചെയ്യാൻ തിരുവനന്തപുരം നഗരത്തിലെ കൈരളി, ശ്രീ, നിള തിയേറ്റർ കോംപ്ലക്സിൽ ഒരുക്കിയ സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻറെ സംരംഭമായ സഖി - ഡോർമെറ്ററിയുടെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി. സ്ത്രീ സൗഹൃദ തൊഴിലിടത്തോടൊപ്പം

ശാക്തീകരണവും സിനിമാരംഗത്ത് നടപ്പിലാക്കി വരികയാണെന്ന് മന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

**MALDIVES-RESIGN**

ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്ര മോദിക്കെതിരെ അപകീർത്തികരമായ പരാമർശം നടത്തിയതിന് സസ്പെൻഡ് ചെയ്യപ്പെട്ട രണ്ട് മാലിദ്വീപ് മന്ത്രിമാർ രാജിവച്ചു. മറിയം ഷിയുനയും മൽഷ ഷെരീഫും വ്യക്തിപരമായ കാരണങ്ങളാൽ രാജിവച്ചതായി പ്രാദേശിക മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. ഇന്ത്യൻ പ്രധാനമന്ത്രിയെയും ഇന്ത്യൻ ജനതയെയും കുറിച്ച് സമൂഹമാധ്യമത്തിൽ അപകീർത്തികരമായ പരാമർശങ്ങൾ നടത്തിയതിന്റെ പേരിൽ ഇൗ വർഷം ജനുവരിയിലാണ് ഇവരെ സ്പെൻഡ് ചെയ്തത്. ഇവരുടെ അഭിപ്രായങ്ങൾ നയതന്ത്ര തർക്കത്തിനും മാലിദ്വീപ് ബഹിഷ്കരിക്കാനുള്ള തീരുമാനങ്ങൾക്കും കാരണമായിരുന്നു.

&&&&&&&&&&&&&&&&&&

**NHA-IIT**

ആയുഷ്മാൻ ഭാരത് ആരോഗ്യ ദൗത്യം മെച്ചപ്പെടുത്തുന്നതിനായി നിർമ്മിത ബുദ്ധി മാതൃകകൾ നടപ്പിലാക്കാൻ ദേശീയ ആരോഗ്യ അതോറിറ്റിയും ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയും തമ്മിൽ ധാരണയായി.

ന്യൂഡൽഹിയിൽ നടന്ന ചടങ്ങിൽ ഇരുസ്ഥാപനങ്ങളും ഇതു സംബന്ധിച്ച ധാരണാപത്രം ഒപ്പുവച്ചു. ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ് സെക്രട്ടറി അപൂർവ ചന്ദ്ര, ഐഐടി കാൺപൂർ ഡയറക്ടർ മനീന്ദ്ര അഗർവാൾ തുടങ്ങിയവർ ചടങ്ങിൽ സംബന്ധിച്ചു.

&&&&&&&&&&&&&&&&&&

## JAISHANKAR SWEDEN FM

സ്വീഡൻ വിദേശകാര്യ മന്ത്രിയായി നിയമിതയായ മരിയ സ്റ്റെനർഗാഡിനെ വിദേശകാര്യ മന്ത്രി ഡോ എസ് ജയശങ്കർ അഭിനന്ദിച്ചു. ഇന്ത്യ-സ്വീഡൻ പങ്കാളിത്തം മുന്നോട്ട് കൊണ്ടുപോകാൻ ഒരുമിച്ച് പ്രവർത്തിക്കാൻ ആഗ്രഹിക്കുന്നുവെന്ന് ഡോ ജയശങ്കർ തൻ്റെ സന്ദേശത്തിൽ പറഞ്ഞു.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&&&

&&&&&&&&

&&&&&&

&&&&

&&&

&&

&